**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 242** **08-08-2023 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ഗവേഷണ മേഖലയിൽ ക്യൂബയുമായി സഹകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. ആന്റണി ജോൺ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്യൂബയുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്തെ ആരോഗ്യ ഗവേഷണ മേഖലയിൽ ആകർഷകമായ മുന്നേറ്റം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ക്യൂബൻ ഭരണാധികാരികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ക്യൂബയുമായി സഹകരിച്ചു കൊണ്ട് സംസ്ഥാനത്തെ ആരോഗ്യ ഗവേഷണ മേഖലയിൽ ആകർഷകമായ മുന്നേറ്റം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് . ഇതിന്റെ ഭാഗമായി 01.08.2023 ന് ഇന്ത്യൻ സമയം വൈകിട്ട് 6:30 ന (ക്യൂബൻ സമയം രാവിലെ 9 മണിക്ക് )ക്യൂബൻ പ്രതിനിധികളായ ഡോ.ഡേവിഡ്, ഡോ.മിഷേൽ എന്നിവരുമായും, അവരുടെ അനുബന്ധ ശാസ്ത്രജ്ഞരുമായും ചർച്ചകൾ നടത്തിയിട്ടിട്ടുണ്ട്. താഴെപ്പറയുന്ന മേഖലകളിൽ ക്യൂബൻ സഹകരണം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>1. ക്യാൻസർ ഗവേഷണവും ചികിത്സയും<br>2.സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള വാക്സിൻ ഗവേഷണം<br>3.മസ്തിഷ്ക നാഡീരോഗങ്ങളെ കുറിച്ചുള്ള ഗവേഷണങ്ങളും ചികിത്സയും<br>4.ഡയബറ്റിക് ഫൂട്ടിനെകുറിച്ചുള്ള ഗവേഷണങ്ങളും ചികിത്സയും |
| (ബി) | ക്യൂബയുമായുള്ള സഹകരണം സംസ്ഥാനത്തിന്റെ ആരോഗ്യ ഗവേഷണ മേഖലയ്ക്ക് എത്രത്തോളം ഗുണകരമാകുമെന്ന വിശദമാക്കുമോ; | (ബി) | ക്യൂബയുമായുള്ള സഹകരണം ആരോഗ്യ മേഖലയിൽ വളരെ വിപുലായ മാറ്റങ്ങൾക്ക് സഹായകരമാവും എന്നാണ് പ്രതീക്ഷിക്കുന്നത്. ക്യാൻസർ ചികിത്സയിൽ മലബാർ ക്യാൻസർ സെന്ററും, റീജണൽ ക്യാൻസർ സെന്ററും അടക്കമുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളുമായി സഹകരിച്ച് ക്യാൻസർ ചികിത്സയ്ക്ക് പ്രത്യേകിച്ച് ലങ്സ് (ശ്വാസകോശ) ക്യാൻസർ ചികിത്സയ്ക്കുള്ള വളരെ നൂതനമായ സംവിധാനങ്ങൾ കൊണ്ടുവരാനും അതുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | ഗവേഷണങ്ങൾ നടത്താനും ഈ സഹകരണം സഹായിക്കും. അതോടൊപ്പം കേരളത്തിൽ വളരെ സാധാരണമായിട്ടുള്ള തലയുടെയും കഴുത്തിലെയും ക്യാൻസറുകളിൽ നൂതന ചികിത്സ രീതികൾ സംബന്ധിച്ച ഗവേഷണങ്ങൾ ഫലവത്താക്കാനും ഈ സഹകരണം സഹായിക്കും. രണ്ടാമതായി ട്രോപ്പിക്കൽ മേഖലയെ ബാധിക്കുന്ന വിവിധ രോഗങ്ങൾക്കുള്ള വാക്സിനുകൾ നിലവിൽ ക്യൂബയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും പുതിയതായി നിർമ്മിക്കാവുന്നതുമായ വാക്സിനുകൾ സംബന്ധിച്ചും പുതിയ വാക്സിനുകൾ കണ്ടെത്തുന്നതിനുമുള്ള ഗവേഷണത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുമായി ചേർന്ന് കൊണ്ട് വിപുലമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്താനും പുതിയ വാക്സിനുകൾ കണ്ടെത്താനും അവയുടെ നിർമ്മാണം കേരളത്തിൽ തന്നെ നടത്താനുമുള്ള രീതിയിൽ ഒരു പദ്ധതി രൂപീകരിക്കാനും സാധിക്കുമെന്നത് വാക്സിൻ മേഖലയിലെ ഗവേഷണത്തിന് വലിയൊരു മുതൽക്കൂട്ടാകും. പാർക്കിൻസൺസ് രോഗം അൽഷിമേഴ്സ് രോഗം തുടങ്ങിയ ന്യൂറോ ഡീജനറേറ്റീവ് രോഗങ്ങൾക്കുള്ള ചികിത്സയും അതുമായി ബന്ധപ്പെട്ട ഗവേഷണങ്ങളിലും ക്യൂബയുമായുള്ള സഹകരണം കേരളത്തിന് വളരെയധികം സഹായകരമാകുമെന്ന് കരുതുന്നു. പ്രത്യേകിച്ച്, കേരളത്തെ സംബന്ധിച്ച് വർദ്ധിച്ച വരുന്ന പ്രായമായവരുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ഇതൊരു വലിയ മുതൽക്കൂട്ടാവും. |
| (സി) | പ്രസ്തുത സംരംഭം ക്യൂബയിലേയും സംസ്ഥാനത്തിലെയും ആരോഗ്യ സ്ഥാപനങ്ങൾ തമ്മിലുള്ള ബന്ധത്തിനും ആശയവിനിമയത്തിനും സഹായകരമാവുമോ; ആരോഗ്യ വിദഗ്ദ്ധരുടെ കൈമാറ്റവും വിനിമയവും സാധ്യമാകുമോ; വിശദമാക്കാമോ; | (സി) | വർക്കിംഗ് കമ്മിറ്റി രൂപീകരിക്കുക വഴി കേരളത്തിലേയും ക്യൂബയിലേയും ആരോഗ്യ സ്ഥാപനങ്ങൾ തമ്മിലും ആരോഗ്യ വിദഗ്ധരും തമ്മിലുമുള്ള ആശയവിനിമയത്തിന് നിലവിൽ തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. വിവിധ സബ്ഗ്രൂപ്പുകളുടെ രൂപീകരണത്തിലൂടെയും, വിശദമായ തുടർ ചർച്ചകളിലൂടെയും സ്ഥിരമായ ആശയ വിനിമയത്തിനുള്ള ഒരു സംവിധാനം ഒരുക്കുന്നുണ്ട്. വൈദഗ്ധ്യത്തിന്റെ കൈമാറ്റവും അതോടൊപ്പം വിദഗ്ധരുടെ സേവനത്തിന്റെ കൈമാറ്റത്തിനുമുള്ള സാധ്യതകൾ നിലനിൽക്കുന്നു. ഇവ വിശദമായി പരിശോധിക്കാൻ വർക്കിംഗ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള ക്യൂബൻ വിദഗ്ധരുടെ സേവനം പരിശീലനത്തിനും പദ്ധതി തയ്യാറാക്കാനും മറ്റുമായി കേരളത്തിന് ക്യൂബ വാഗ്ദാനം നൽകിയിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള വിദഗ്ധരുടെ സേവനം പരിശീലനത്തിനും മറ്റുമായി ക്യൂബയ്ക്കും ഉപയോഗിക്കാവുന്നതാണ്. ഇതിനുള്ള വിശദമായ |

| | | | |
|---|---|---|---|
| | | | മാർഗ്ഗരേഖ തയ്യാറാക്കാനായി വർക്കിംഗ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇതിനായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | ഇതിനായി നാല് അംഗങ്ങൾ അടങ്ങുന്ന ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ വർക്കിംഗ് ഗ്രൂപ്പിൽ എസ്.എച്ച്.എസ്.ആർ.സി എക്സിക്യൂട്ടീവ് ഡയറക്ടറും, മലബാർ കാൻസർ സെന്റർ ഡയറക്ടറും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടറും അംഗങ്ങളാണ്. ക്യൂബൻ അധികാരികളുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ നാല് മേഖലകളായി തിരിച്ചുകൊണ്ട് വർക്കിംഗ് ഗ്രൂപ്പിനു കീഴിൽ ഓരോ മേഖലയിലേയും വിദഗ്ധരടങ്ങുന്ന നാല് സബ് ഗ്രൂപ്പുകൾ കൂടി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ